(Pages : 4) **S – 3577**

Reg. No. : .............................

Name : ..................................

**Third Semester B.A. Degree Examination, February 2024**

**Career Related First Degree Programme under CBCSS**

**Malayalam and Mass Communications**

**Core Course IV**

**MX 1341 : ആധുനികകവിത**

**(2021 Admission Onwards)**

St.Xavier's College

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കെ. സി. കേശവപിള്ള എഴുതിയ മഹാകാവ്യം ഏത്?

2. കുമാരനാശാന്റെ പ്രരോദനം എന്ന വിലാപകാവ്യത്തിനാധാരമായ സംഭവം ഏത്?

3. 'കളിത്തോഴി' എന്ന നോവൽ എഴുതിയ കവി?

4. വി.സി. ബാലകൃഷ്ണപ്പണിക്കർ എഴുതിയ വിലാപകാവ്യം ഏത്?

5. മുക്തഛന്ദസ് എന്ന വാക്ക് അർത്ഥമാക്കുന്നതെന്ത്?

6. ഹരിതകം.കോം എന്ന ബ്ലോഗിന്റെ സവിശേഷതയെന്ത്?

7. 'കവിതയും പാരമ്പര്യവും' എന്ന കൃതിയുടെ കർത്താവാര്?

P.T.O.

8. വൈലോപ്പിള്ളി ശ്രീധരമേനോനെക്കുറിച്ച് സച്ചിദാനന്ദൻ എഴുതിയ കവിത.

9. 'പച്ചക്കുപ്പി' ആരുടെ കാവ്യസമാഹാരം?

10. മലയവിലാസം രചിച്ചതാര്?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിനു ത്തരമെഴുതുക.

St Xavier's College

11. 'എത്ര ലഘുവായി ലളിതമായ് നീ മറഞ്ഞു' - വിവക്ഷിതമെന്ത്?

12. 'എന്റെ വൃത്തം ഓടയിൽ പെറ്റുവീണ കുഞ്ഞിന്റെ നിലവിളിയുടെ വൃത്തമാണ്' - വിശദമാക്കുക.

13. 'ഒരു ജീവിതത്തിന്റെ-
യൊരു സൗഹൃദത്തിന്റെ
മൃതിമുദ്ര നീയതിൽ കാണും '
- ആശയമെന്ത് ?

14. 'കാലമാകുന്നു, ഞാൻ പോകുന്നു ' എന്ന് കവി പറയുന്നതെന്തുകൊണ്ട്?

15. 'നീയോ നിഹതേ, നീയോ? നിത്യം
നീറുകയാണയി മമ ഹൃദയം '
- എന്തുകൊണ്ട്?

16. 'കത്തിനവിരലാൽ ചൂണ്ടുന്നുണ്ടവ
മർത്ത്യപുരോഗതി മാർഗ്ഗങ്ങൾ'
- ഈ പരാമർശം എന്തിനെക്കുറിച്ച്?

17. 'പരൻ പൂമാനും പ്രകൃതിസഹായൻ
പ്രപഞ്ചഘടനത്തിൽ' - വിവക്ഷിതമെന്ത്?

18. 'ക്രൂരമിടിത്തീയ്യിൽ വെന്തുപോയി; കേശ
ഭാരകിരീടമണിയേണ്ട മസ്തകം!' – എന്തുകൊണ്ട്?

19. 'കൊടുംകാട്ടിലെ
പർണ്ണകുടീരത്തിലും
സ്വച്ഛശാന്തയായ്
പണ്ടുറങ്ങീലയോ' - സൂചിതമെന്ത്?

20. 'കൗതുകപൂർവ്വം പ്രകൃതി തുറന്നൊരു
കനകാഭരണചെപ്പുകണക്കേ' - സന്ദർഭം വിശദമാക്കുക.

21. 'എനിക്ക് കൊതി നിൻ വാലിൻ
രോമം കൊണ്ടൊരു മോതിരം' - സാരസ്യം വ്യക്തമാക്കുക

22. 'ജന്തുവിന്നു തുടരുന്നു വാസനാ
ബന്ധമിങ്ങുടലു വീഴുവോളവും' - ആശയമെന്ത്?

(8 × 2 = 16 Marks)

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'പകലുകൾ രാത്രികൾ' എന്ന കവിതയുടെ കാവ്യസൗന്ദര്യത്തിനു കാരണമെന്ത്?

24. ആധുനികതയുടെ ഭാഗമായി മലയാളകവിതയിൽ കടന്നുവന്ന പുതുമകൾ എന്തെല്ലാം?

25. ശാർങ്ഗകപ്പക്ഷികൾ എന്ന തലക്കെട്ടിന്റെ ഔചിത്യം വ്യക്തമാക്കുക.

26. മനുഷ്യപുരോഗതിയിലും വീര്യത്തിലും അഭിമാനിക്കുന്ന കവിതയാണ് പന്തങ്ങൾ - വിശദമാക്കുക.

27. രാത്രിമഴയും താനും ഒരുപോലെയാണെന്നു കവയിത്രി പറയുന്നതെന്തുകൊണ്ട്?

St.Xavier's College

28. പ്രാസവാദം എന്നാലെന്ത്? വിശദമാക്കുക.

29. ഹരിതാഭം എന്ന കവിതയുടെ സാമൂഹികപ്രസക്തിയെന്ത്?

30. പ്രേമസംഗീതത്തെ അടിസ്ഥാനമാക്കി ഉള്ളൂരിന്റെ സമത്വദർശനം വിവരിക്കുക.

31. കവിതയെക്കുറിച്ച്, സത്യവാങ്മൂലത്തിൽ സച്ചിദാനന്ദൻ പറയുന്നതെന്ത്?

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിനുത്തരമെഴുതുക.

32. 'ഗുരുത്വകേടിന്റെ ആത്മസംഘർഷ മഹാകാവ്യമാകുന്നു കളിയച്ഛൻ എന്ന കവിത'. സമർത്ഥിക്കുക.

33. ഉത്തരാധുനികകവിതയുടെ സവിശേഷതകൾ, പി. പി. രാമചന്ദ്രൻ, വീരാൻകുട്ടി, എം.ആർ. രേണുകുമാർ, ആര്യാംബിക എന്നിവരുടെ കവിതകളെ അടിസ്ഥാനമാക്കി വിശദമാക്കുക.

34. 'സത്യവാങ്മൂലം പുതിയ കാലത്തിന്റെ നേർചിത്രണമോ?' - ചർച്ച ചെയ്യുക.

35. മലയാളകവിതയുടെ വികാസവഴികളെ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി അടയാളപ്പെടുത്തുക.

**(2 × 15 = 30 Marks)**

---

St Xavier's College